"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

വനിതാശിശുവികസന വകുപ്പ്- സംയോജിതശിശുവികസന സേവന പദ്ധതി- അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും തെരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ- ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.12/2025/WCDD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. സ. ഉ(എം. എസ്) നം. 05/2012/സാക്ഷേവ, തീയതി. 30/01/2012
2. ചെബ്രോലു ലീലാ പ്രസാദ് റാവു Vs സ്റ്റേറ്റ് ഓഫ് എ. പി (Civil Appeal No. 3609 of 2002) എന്ന കേസിൽ 22/04/2020-ന് ബഹു. സുപ്രീം കോടതി ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായം
3. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/3189/2023-ICDSB4, തീയതി. 08/11/2023

## ഉത്തരവ്

പട്ടികവർഗ കോളനികളിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കു 100% സംവരണം നൽകുന്ന, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 6(8), 6(9)- ലെ വ്യവസ്ഥകൾ, പരാമർശം (2) ലെ ബഹു. സുപ്രീം കോടതി വിധിന്യായത്തിലെ നിർദ്ദേശത്തിന് വിരുദ്ധമാകയാൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കു പ്രത്യേകസംവരണം നൽകുന്ന, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 6(8), 6(9)-ലെ വ്യവസ്ഥകൾ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

2. പരാമർശം (1)ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 19-06-2025 15:36:49

സെക്ഷൻ ഓഫീസർ